കേരള പബ്ലിക് സർവീസ് കമ്മീഷൻ മെമ്പർമാർക്ക് ശമ്പളപരിഷ്ക്കരണം

14 (2116) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവീസ് കമ്മീഷൻ മെമ്പർമാർക്ക് ശമ്പള പരിഷ്ക്കരണത്തിനു മുന്നോടിയായി എന്നു മുതലാണ് ഇടക്കാലാശ്വാസം അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇടക്കാലാശ്വാസം അനുവദിച്ചു വർഷങ്ങൾ പലതു കഴിഞ്ഞിട്ടും ശമ്പളപരിഷ്ക്കരണം നടപ്പാക്കാത്തതിനാൽ പെൻഷൻ പറ്റിയവർക്ക് വളരെ കുറഞ്ഞ പെൻഷനാണ് ലഭിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശമ്പള പരിഷ്ക്കരണം സംബന്ധിച്ച ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ് ; ഉടനടി ശമ്പള പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി കൈക്കൊള്ളുമോ ;

(ഡി) 1957-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റഗുലേഷനിലെ ചട്ടം 7 എ (1)&(2) പ്രകാരം സർവ്വീസിലിരിക്കെ മെമ്പർ ആയവർക്ക് അടിസ്ഥാന ശമ്പളത്തോടൊപ്പം ഗ്രാറ്റുവിറ്റിക്ക് ഡി.എ. കൂടി കൂട്ടുവാൻ നിയമതടസ്സം വല്ലതുമുണ്ടോ ; ശമ്പള പരിഷ്ക്കരണം വന്നിട്ടില്ലായെന്ന കാരണത്താൽ ഡി.എ. കൂടി ഗ്രാറ്റുവിറ്റിക്ക് കൂട്ടാതെ പഴയ നിരക്കിൽ 80,000 ലിമിറ്റ് ചെയ്ത് ഗ്രാറ്റുവിറ്റി കൊടുത്തിട്ടുള്ളത് ശരിയാണോ എന്ന് പരിശോധിക്കുമോ ?

ഉത്തരം

(എ) 1996 ജൂലൈ ഒന്നു മുതൽ.

(ബി) ഉണ്ട്.

(സി) 30-06-2003-ൽ ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞു.

(ഡി) പരിശോധിക്കുന്നതാണ്.

പി. എസ്. സി. ഹെഡ് ഓഫീസ് എൻക്വയറി കൗണ്ടറിന്റെ പ്രവർത്തനം

15 (2117) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി.-യുടെ പട്ടത്തുള്ള ഹെഡ് ആഫീസിലെ എൻക്വയറി വിഭാഗം കമ്പ്യൂട്ടർവൽക്കരിച്ചതാണോ ;

(ബി) പി. എസ്. സി. നടത്തുന്ന പരീക്ഷകളിൽ റാങ്ക് ലിസ്റ്റിൽ പേര് വന്നിട്ടുള്ളവരുടെ റാങ്ക് നമ്പരും അനുബന്ധ വിവരങ്ങളും കമ്പ്യൂട്ടറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly